LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

നാളെ പരിഗണിക്കാനുള്ള ബില്ലുകളുംകൂടി ഇന്ന് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചിരുന്നു. പ്രമേയം സഭ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നാളെ പരിഗണിക്കാനുള്ള ബില്ലുകളുംകൂടി ഇന്ന് പരിഗണനയ്ക്കെടുക്കുകയാണ്.

(ii) 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങളാരും സഭയിൽ ഇല്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കുന്നുണ്ടോ?

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ ഹാജരല്ലാതിരുന്നതിനാൽ വിയോജനക്കുറിപ്പ് അവതരിപ്പിച്ചില്ല.)

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇന്ന് 13-ാം കേരള നിയമസഭയുടെ അവസാന ദിനമാണ്. ഈ ദിനത്തിൽ കേരളത്തിലെ കർഷകർക്ക് അനുകൂലമായ ഒരു ഭേദഗതി ബിൽ കൊണ്ടുവരാൻ കഴിഞ്ഞതിൽ വളരെയധികം ചാരിതാർത്ഥ്യമുണ്ട്. 2011-12 കാലയളവിലാണ് സംസ്ഥാനത്തിന്റെ അടിസ്ഥാന ഭൂനികുതി പഞ്ചായത്ത് പ്രദേശങ്ങളിൽ ഒരു ആറിന് ഒരു രൂപ നിരക്കിലും മുനിസിപ്പൽ കൗൺസിൽ, ടൗൺഷിപ്പ് പ്രദേശങ്ങളിൽ ഒരു ആറിന് രണ്ട് രൂപ നിരക്കിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഒരു ആറിന് 4 രൂപ നിരക്കിലുമായിരുന്നു. സംസ്ഥാന ഗവൺമെന്റിന്റെ 2012-13-ലെ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ 1-4-2012 മുതൽ പഞ്ചായത്ത് പ്രദേശങ്ങളിൽ ഒരു ആറിന് 2 രൂപ നിരക്കിലും മുനിസിപ്പൽ കേർപ്പറേഷൻ പ്രദേശങ്ങളിൽ ഒരു ആറിന് 4 രൂപ നിരക്കിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഒരു ആറിന് 8 രൂപ നിരക്കിലും അടിസ്ഥാന ഭ്രനികുതി പുതുക്കി നിശ്ചയിക്കുകയുണ്ടായി. 2014 സെപ്റ്റംബറിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിലേയ്ക്കായി അധിക ധനസമാഹരണ നടപടികളുടെ ഭാഗമായി 1961-ലെ കേരള ഭ്രനികുതി ആക്ട് ഭേദഗതി ചെയ്ത് ഭ്രമിയുടെ നികുതി വർദ്ധിപ്പിച്ചിരുന്നു. 2014 ഭ്രനികുതി ചുമത്തൽ ഭേദഗതി ആക്ടിലൂടെയാണ് ഭേദഗതി വരുത്തിയത്. പ്രസ്തുത ഭേദഗതി നിയമമനുസരിച്ച് പഞ്ചായത്ത് പ്രദേശങ്ങളിൽ ഒരു ആറിന് 5 രൂപയും മുനിസിപ്പൽ ടൗൺഷിപ്പ് പ്രദേശങ്ങളിൽ ഒരു ആറിന് 10 രൂപയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഒരു ആറിന് 20 രൂപയും ആയി വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ ഈ ഭ്രമിയുടെ വിസ്തീർണ്ണം പഞ്ചായത്ത് പ്രദേശത്ത് 8.1 ആർ അതായത് 20 സെന്റിൽ കവിയാത്തിടത്ത് 2.50 പൈസയും ടൗൺ പഞ്ചായത്ത് പ്രദേശങ്ങളിൽ 2.43 ആർ അതായത് 6 സെന്റ് കവിയാത്തിടത്ത് 5 രൂപയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 1.62 ആർ അതായത് 4 സെന്റ് കവിയാത്തിടത്ത് 10 രൂപയും ആക്കിയിരുന്നു. ഇത് സാധാരണ കർഷകർ പ്രതീക്ഷിക്കാത്ത ഒരു വർദ്ധനവായിരുന്നു. നാണ്യവിളകളുടെ വിലയിലുണ്ടായ ഇടിവുമൂലം ചെറുകിട കർഷകർ ദുരിതമനുഭവിക്കുകയാണെന്ന് സർക്കാർ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് 2 ഹെക്ടർ വരെ ഭ്രമിയുള്ളവർക്ക് പഴയ നിരക്കിലും 2 ഹെക്ടറിൽ കൂടുതൽ ഭ്രമിയുള്ളവർക്ക് ആദ്യത്തെ 2 ഹെക്ടറിന് പഴയ നിരക്കിലും അതിൽകൂടുതൽ വരുന്ന ഭ്രമിക്ക് പുതുക്കിയ ഭ്രനികുതി ഈടാക്കുവാനും തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് ഓർഡിനൻസ് കൊണ്ടുവരാൻ ഇടയായത്. ഇപ്പോൾ പുതുക്കി നിശ്ചയിച്ചതനുസരിച്ച് പഞ്ചായത്ത് പ്രദേശങ്ങളിൽ 8 ആർ (20 സെന്റ്) വരെ ഓരോ ആറിനും ഒരു രൂപയും 2 ഹെക്ടർ (4 ഏക്കർ 94 സെന്റ്) വരെ ഒരോ ആറിനും 2 രൂപയും 2 ഹെക്ടറിന് മുകളിൽ 400 രൂപയും 2 ഹെക്ടറിൽ അധികം വരുന്ന ഭ്രമിക്ക് ഓരോ ആറിനും 5 രൂപ വീതവും മുനിസിപ്പൽ കൗൺസിൽ/ടൗൺ/പഞ്ചായത്ത് പ്രദേശങ്ങളിൽ 3 ആർ (7.41 സെന്റ്) വരെ ഓരോ ആറിനും 2 രൂപയും 2 ഹെക്ടർ വരെ ഓരോ ആറിനും 4 രൂപയും 2 ഹെക്ടറിന് മുകളിൽ 800 രൂപയും 2 ഹെക്ടറിൽ അധികം വരുന്ന ഭ്രമിക്ക് ഓരോ ആറിനും 10 രൂപയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 2 ആർ (4.94 സെന്റ്) വരെ ഓരോ ആറിനും 4 രൂപയും 2 ഹെക്ടർ (4 ഏക്കർ

94 സെന്റ്) വരെ ഓരോ ആറിനും 8 രൂപയും 2 ഹെക്ടറിന് മുകളിൽ 1600 രൂപയും 2 ഹെക്ടറിൽ അധികം വരുന്ന ഭൂമിക്ക് ഓരോ ആറിനും 20 രൂപ വീതവും ചുമത്താൻ ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ. സബ്ജക്ട് കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്തതാണ്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ഈ ബിൽ പാസ്സാക്കിത്തരണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

(ഭേദഗതി ഇല്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതി ഇല്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(iii) 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly